പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2892

22.02.2016-ൽ മറുപടിയ്ക്ക്

## ആർട്ട് ഗ്യാലറികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.ടി.എൻ.പ്രതാപൻ | കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ആർട്ട് ഗ്യാലറികൾ ആരംഭിക്കാൻ കർമ്മപദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) ആർട്ട് ഗ്യാലറികൾ ആരംഭിക്കുന്നതിനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുകയാണ്. മുമ്പ് പ്രവർത്തിച്ചിരുന്ന തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, തലശ്ശേരി, മലപ്പുറം, കാഞ്ഞങ്ങാട് എന്നീ ആർട്ട് ഗ്യാലറികൾക്ക് പുറമെ, ആലപ്പുഴ, കൊട്ടുങ്ങല്ലൂർ, മലമ്പുഴ, നെടുമ്പാശ്ശേരി എയർപോർട്ട്, കാലടി, കായംകുളം, കിളിമാനൂർ, മാനന്തവാടി എന്നിവിടങ്ങളിൽ പുതുതായി ഗ്യാലറികൾ ആരംഭിച്ചു കഴിഞ്ഞു. കൊച്ചിയിൽ അന്താരാഷ്ട്ര നിലവാരമുള്ള ഒരു ആർട്ട് ഗ്യാലറി കൂടി ആരംഭിക്കുവാൻ ശ്രമം നടത്തി വരുന്നു. ആർട്ട് ഗ്യാലറികൾ ഇല്ലാത്ത ഗ്രാമപ്രദേശങ്ങളിലും, പട്ടണങ്ങളിലും, ചിത്ര പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിനുവേണ്ടി കേരള ലളിതകലാ അക്കാദമിയുടടെ സഞ്ചരിക്കുന്ന ചിത്രശാല പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) ചിത്രകല, ശിൽപകല, ഫോട്ടോഗ്രാഫി, കാർട്ടൂൺ മുതലായ കലാമേഖലയുമായി ബന്ധപ്പെട്ട പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതും കലാ ആസ്വാദനത്തിന് അവസരം ഒരുക്കുന്നതിനും ആർട്ട് ഗ്യാലറികൾ സജ്ജീകരിച്ചിട്ടുണ്ട്. കലാകാരന്മാർക്ക് |

| | |
|---|---|
| | അവരുടെ സർഗ്ഗ സൃഷ്ടികൾ പ്രദർശിപ്പിക്കുന്നതിന് കൂടുതൽ അവസരം ഒരുക്കുന്നതും ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യമാണ്. |
| (സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) ആർട്ട് ഗ്യാലറികൾ സ്ഥാപിക്കുന്നതിന് കേരള ലളിതകലാ അക്കാദമിക്ക് ചുമതല നൽകിയിട്ടുണ്ട്. ഇതിനാവശ്യമായ ഫണ്ടുകൾ അതാത് വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തി അക്കാദമിക്ക് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ